വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

എട്ടാം ഘട്ടം

പാഠഭാഗം

വെളിച്ചം സൗദി ഓൺലൈൻ
എട്ടാം ഘട്ടം

സൂറത്തുൽ ഇസ്റാഉ്
(ആയത്ത് 78 മുതൽ 93 വരെ)

ക്വിസ്ട്രയിൻ - 06

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

velichamsaudionline velichamsaudionline

വിഭാഗം - 9

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ
غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ ۖ إِنَّ
قُرْءَانَ ٱلْفَجْرِ كَانَ مَشْهُودًا ﴿٧٨﴾

﴾78﴿ സൂര്യൻ (ഉച്ച) തിരിയുമ്പോൾ (മുതൽ) രാത്രി ഇരുട്ടുന്നത് വരെ നീ നമസ്കാരം നിലനിറുത്തുക; പ്രഭാത (നമസ്കാര)ത്തിലെ [ക്വുർആൻ] പാരായണവും [നിലനിറുത്തുക] നിശ്ചയമായും, പ്രഭാത [നമസ്കാര]ത്തിലെ [ക്വുർആൻ] പാരായണം, സാക്ഷ്യപ്പെടുത്തുന്നതാകുന്നു.

وَمِنَ ٱلَّيْلِ فَتَهَجَّدْ بِهِۦ نَافِلَةً لَّكَ

﴾79﴿ രാത്രിയിൽനിന്നും [തന്നെ, അൽപസമയം] അതുമായി നീ 'തഹ

عَسَىٰٓ أَن يَبۡعَثَكَ رَبُّكَ مَقَامٗا مَّحۡمُودٗا ﴿٧٩﴾

ജ്ജുദ്' [ഉറക്കമുണര്‍ന്നുള്ള നമസ്കാരം] ചെയ്തുകൊള്ളുക; നിനക്ക് [നിര്‍ബന്ധത്തിന് പുറമെ] കൂടുതലായുള്ള ഒരു കാര്യം (ഐച്ഛികം) എന്ന നിലക്ക്.

നിന്റെ റബ്ബ് നിന്നെ സ്തുതിക്കപ്പെടുന്നതായ ഒരു സ്ഥാനത്ത് എഴുന്നേല്‍പിച്ചു തന്നേക്കാം.

﴾78﴿ أَقِمِ الصَّلَاةَ നമസ്കാരം നിലനിറുത്തുക لِدُلُوكِ നീക്കത്തിന്, തിരിയുന്നതിന് (തിരിയുമ്പോള്‍) الشَّمْسِ സൂര്യന്റെ, സൂര്യന്‍ إِلَىٰ غَسَقِ ഇരുട്ടു (ന്നത്) വരെ اللَّيْلِ രാത്രി وَقُرْآنَ പാരായണവും, ഖുര്‍ആനും الْفَجْرِ പ്രഭാത (നമസ്കാര) ത്തിലെ إِنَّ قُرْآنَ നിശ്ചയമായും പാരായണം, ഖുര്‍ആന്‍ الْفَجْرِ പ്രഭാതത്തിലെ كَانَ അതാകുന്നു, ആയിരിക്കുന്നു مَشْهُودًا സാക്ഷ്യം വഹിക്കപ്പെടുന്നത്, ഹാജരാക്കപ്പെടുന്നത് ﴾79﴿ وَمِنَ اللَّيْلِ രാത്രിയില്‍ നിന്ന് (തന്നെ) فَتَهَجَّدْ നീ തഹജ്ജുദ് (നമസ്കാരം) ചെയ്യുക بِهِ അതുമായി, അതുകൊണ്ട് نَافِلَةً കൂടുതലായുള്ള (അധികമുള്ള) തന്നെ നിലക്ക് لَكَ നിനക്ക് عَسَىٰ ആയേക്കാം أَن يَبْعَثَكَ നിന്നെ നിയോഗിക്കുക, എഴുന്നേല്‍പിക്കുക, അയക്കുക رَبُّكَ നിന്റെ റബ്ബ് مَقَامًا ഒരു സ്ഥാനത്ത് مَّحْمُودًا സ്തുതിക്കപ്പെടുന്നതായ

സ്വുബ്ഹ് നമസ്കാരത്തെ ഉദ്ദേശിച്ചാണ് പ്രഭാതത്തിലെ ഖുര്‍ആന്‍ പാരായണം (قُرْآنَ الْفَجْرِ) എന്നു പറഞ്ഞിരിക്കുന്നത്. നമസ്കാര കര്‍മത്തിലെ പ്രധാന ഘടകങ്ങളായ സുജൂദ് (السجود സാഷ്ടാംഗം ചെയ്യല്‍),റുകൂഉ് الركوع (കുമ്പിടല്‍), ഖിയാമ് (القيامة-നിറുത്തം) എന്നിവ പോലെയുള്ള ഒരു പ്രധാന ഘടകം തന്നെയാണ് ഖുര്‍ആന്‍ പാരായണവും. അതുകൊണ്ട് നമസ്കാര കര്‍മത്തെ ഉദ്ദേശിച്ച് ആ മൂന്നു വാക്കുകളും ഉപയോഗിക്കാറുള്ളതുപോലെ 'ഖുര്‍ആന്‍' (പാരായണം ചെയ്യല്‍) എന്ന വാക്കും ഉപയോഗിക്കപ്പെട്ടിരിക്കുകയാണ്. എങ്കിലും സ്വുബ്ഹ് നമസ്കാരത്തെപ്പറ്റി മാത്രം ആ വാക്ക് ഉപയോഗിച്ചതില്‍- ചില വ്യാഖ്യാതാക്കള്‍ ചൂണ്ടിക്കാട്ടിയതുപോലെ-സ്വുബ്ഹ് നമസ്കാരത്തില്‍ മറ്റു നമസ്കാരങ്ങളെക്കാള്‍ ഖുര്‍ആന്‍ പാരായണം ചെയ്യുന്നത് നന്നായിരിക്കുമെന്ന ഒരു സൂചന കാണാം. നബിﷺയുടെ ചര്യ പരിശോധിക്കുമ്പോള്‍ അങ്ങിനെത്തന്നെയാണ് കാണപ്പെടുന്നതും. 'തഹജ്ജുദ്' (تهجد) എന്ന വാക്കിന് ഉറക്കില്‍ നിന്നുണരുക എന്നും മറ്റുമാണ് അര്‍ത്ഥം. രാത്രിയില്‍ അല്‍പമെങ്കിലും ഉറങ്ങിയശേഷം എഴുന്നേറ്റ് ചെയ്യപ്പെടുന്ന ഐച്ഛിക നമസ്കാരത്തിന് صلوة التهجد (തഹജ്ജുദ് നമസ്കാരം) എന്നു പറയുവാന്‍ കാരണം ഇതില്‍നിന്ന് വ്യക്തമാണ്.

ദിനംപ്രതി അഞ്ചുനേരത്തെ നിര്‍ബന്ധ നമസ്കാരങ്ങളാണല്ലോ ഇസ്ലാമിലുള്ളത്. അവയില്‍ ള്വുഹ്ര്‍, അസ്വര്‍, മഗ്രിബ്, ഇശാഅ് എന്നീ നാലും സൂര്യന്‍ ഉച്ചതിരിഞ്ഞത് മുതല്‍ രാത്രി ശരിക്കും ഇരുട്ടുമൂടുന്നതു വരെയുള്ള സമയങ്ങളിലാകുന്നു. ഈ നാലും സമയം തെറ്റാതെ കൃത്യനിഷ്ഠയോടുകൂടി നിര്‍വഹിച്ചുപോരണമെന്നും അഞ്ചാമത്തെ

തായ സ്വുബ്ഹു നമസ്കാരം പ്രഭാതവേളയിൽ അനുഷ്ഠിച്ചുപോരണമെന്നും അല്ലാഹു കൽപിക്കുന്നു. കൽപന നബിﷺയെ അഭിമുഖീകരിച്ചു കൊണ്ടാണെങ്കിലും എല്ലാവർക്കും ബാധകമാണെന്ന് പറയേണ്ടതില്ല. പ്രഭാത നമസ്കാരം സാക്ഷ്യപ്പെടുത്തപ്പെട്ടതാണ്(مشهود)എന്ന് ഓർമിപ്പിച്ചുകൊണ്ട് അതിന്റെ കാര്യം പ്രത്യേകം ഗൗനിക്കപ്പെടേണ്ടതുണ്ടെന്നും ഉണർത്തിയിരിക്കുന്നു. ആ നമസ്കാരത്തിങ്കൽ മലക്കുകൾ ഒരുമിച്ചു കൂടുകയും, അതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുമെന്നാണ് 'അത് സാക്ഷ്യപ്പെടുത്തപ്പെടു'മെന്ന് പറഞ്ഞതിന്റെ താൽപര്യമെന്ന് ഹദീഥുകളിൽ നിന്ന് വ്യക്തമാകുന്നു. മിക്ക ക്വുർആൻ വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നതും അത് തന്നെ. സ്വുബ്ഹു നമസ്കാരവേളയിൽ രാത്രിയിലെ മലക്കുകളും, പകലിലെ മലക്കുകളും ഒരുമിച്ചു കൂടുന്നതാണെന്നും അതിൽ അവർ സംബന്ധിക്കുമെന്നും നബിﷺ പറഞ്ഞതായി ഒന്നിലധികം ഹദീഥുകളിൽ വന്നിട്ടുണ്ട്.(അ;ബു; തി;ന) ഉറക്കിൽനിന്ന് ഉണർച്ചയിലേക്കും, സ്വസ്ഥതയിൽനിന്ന് ജോലിത്തിരക്കിലേക്കും, ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും പോലെയുള്ള പല സ്ഥിതിമാറ്റങ്ങളും അല്ലാഹുവിന്റെ മഹത്വത്തിന് സാക്ഷ്യം വഹിക്കുന്ന സമയമാണ് അതെന്നത്രെ ചില വ്യാഖ്യാതാക്കൾ അതിന് നൽകുന്ന വ്യാഖ്യാനം. الله اعلم

തഹജ്ജുദ് നമസ്കാരത്തിന്റെ പ്രാധാന്യം സംബന്ധിച്ച് പല ക്വുർആൻ വചനങ്ങളും നബിവചനങ്ങളും കാണാവുന്നതാണ്. പുണ്യകർമങ്ങളുടെ കൂട്ടത്തിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒരു കർമമാണിത്. നിർബന്ധ നമസ്കാരങ്ങളെപ്പറ്റി കൽപിച്ച ശേഷം, രാത്രിയിൽ തഹജ്ജുദ് നമസ്കാരം ചെയ്യണമെന്ന് പ്രത്യേകം എടുത്തുപറഞ്ഞതിൽനിന്ന് തന്നെ അതിന്റെ പ്രാധാന്യം ഏറെക്കുറെ മനസ്സിലാക്കാമല്ലോ. نَافِلَةً لَّكَ (നിനക്ക് കൂടുതലായുള്ള കാര്യം) എന്ന് നബിﷺയെ അഭിമുഖീകരിച്ചു പറഞ്ഞതിന് രണ്ട് പ്രകാരത്തിൽ വ്യാഖ്യാനം നൽകപ്പെട്ടിരിക്കുന്നു.

(1) നബിﷺക്കും അവിടുത്തെ സമുദായത്തിനും അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒരു ഐച്ഛിക കർമമാണത്.

(2) മറ്റുള്ളവർക്കൊന്നും കൂടാതെ നബിﷺക്ക് പ്രത്യേകമായി നിശ്ചയിക്കപ്പെട്ട ഒരു നിർബന്ധ കർമമാണത്. നബിﷺയല്ലാത്തവരെ സംബന്ധിച്ചിടത്തോളം ഐച്ഛികവുമായിരിക്കും.

രണ്ടായാലും ശരി, രാത്രിയിലെ ഐച്ഛിക നമസ്കാരത്തിൽ നബിﷺ വളരെയധികം നിഷ്കർഷ പാലിച്ചിരുന്നുവെന്നും, കാലിൽ നീര് കെട്ടുമാറ് ദീർഘനേരം നമസ്കരിക്കാറുണ്ടായിരുന്നുവെന്നും ഹദീഥുകളിൽ നിന്ന് അറിയപ്പെട്ടതാകുന്നു. അങ്ങയുടെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തുതന്നിരിക്കെ, ഇത്രയധികം ബുദ്ധിമുട്ടുന്നത് എന്തിനാണെന്ന് ആഇശഃ (റ) ചോദിച്ചപ്പോൾ افلا اكون عبدا شكورا(ആ സ്ഥിതിക്ക് ഞാനൊരു നന്ദിയുള്ള അടിയാനായിരിക്കേണ്ടേ?!) എന്നായിരുന്നു തിരുമേനി മറുപടി പറഞ്ഞത്.

നമസ്കാരങ്ങളെ നിലനിറുത്തുവാനും, രാത്രിയിൽ തഹജ്ജുദ് നമസ്കരിക്കുവാനും കൽപിച്ചതിനെത്തുടർന്ന് അല്ലാഹു നബിﷺയോട് പറയുന്നു: عَسَىٰٓ أَن يَبْعَثَكَ رَبُّكَ مَقَامًا مَّحْمُودًا (നിന്റെ റബ്ബ് സ്തുതിക്കപ്പെടുന്നതായ ഒരു സ്ഥാനത്ത് നിന്നെ എഴുന്നേൽപിച്ചു തന്നേക്കാം.) 'ഉണ്ടായേക്കാം' എന്ന് അല്ലാഹു പറയുന്ന കാര്യം ഉണ്ടാകുക തന്നെ ചെയ്യുന്നതാണ്. മേൽപറഞ്ഞ കൽപനകൾ പാലിക്കുന്നപക്ഷം, എല്ലാവരാലും സ്തുതിക്കപ്പെടുന്ന ഒരു ഉന്നത സ്ഥാനം നബിﷺക്ക് നൽകു

https://velichamsaudionline.com/

മെന്നുള്ള ഒരു വാഗ്ദാനവും ആ കൽപനകൾ പാലിക്കുവാനുള്ള ഒരു പ്രോത്സാഹനവും കൂടിയാണിത്. 'സ്തുതിക്കപ്പെടുന്ന സ്ഥാനം' കൊണ്ടുള്ള വിവക്ഷ എന്താണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. എങ്കിലും മഹ്ശർ മഹാസമ്മേളനത്തിൽ താഴെ കാണുന്നവിധം സൃഷ്ടികൾക്കെല്ലാം ആശ്വാസം ലഭിക്കുമാറ് നബിﷺക്ക് ശുപാർശ ചെയ്‌വാൻ അനുവദിച്ചുകൊടുക്കുന്ന ആ സ്ഥാനമാണതുകൊണ്ട് വിവക്ഷയെന്ന് ഹദീഥുകളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഇബ്നുജരീർ (റ) പ്രസ്താവിച്ചതുപോലെ, ക്വുർആൻ വ്യാഖ്യാതാക്കളിൽ അധികമാളുകളുടെ അഭിപ്രായവും അതു തന്നെയാണ്.

ലോകാരംഭം മുതൽ ലോകാവസാനം വരെയുള്ള സൃഷ്ടികളെല്ലാം സമ്മേളിക്കുന്ന അതിമഹത്തായ സദസ്സാണല്ലോ മഹ്ശർ. അവിടെ വെച്ച് എല്ലാവരും അനിശ്ചിതാവസ്ഥയിൽ ദീർഘകാലം ഭയവിഹ്വലരായി കഴിയുമ്പോൾ, തങ്ങളുടെ വിചാരണ കഴിച്ചു രണ്ടിലൊരു തീരുമാനമെടുത്തു തരുവാൻ അല്ലാഹുവിനോട് ശുപാർശ ചെയ്യണമെന്ന് പ്രവാചക പ്രമുഖന്മാരായ പലരോടും ജനങ്ങൾ അപേക്ഷിക്കും. ഓരോരുത്തരും ഓരോ കാരണം പറഞ്ഞു അതിൽനിന്ന് ഒഴിവാകും. അവസാനം അവർ നബി തിരുമേനിﷺയെ സമീപിക്കും. തിരുമേനി അല്ലാഹുവിന്റെ അനുമതി പ്രകാരം അതിനായി അല്ലാഹുവിനോട് പ്രാർഥിക്കുകയും ശുപാർശ ചെയ്യുകയും ചെയ്യും. അല്ലാഹു അത് സ്വീകരിച്ചു എല്ലാവരെയും വിചാരണ നടത്തി ഓരോരുത്തരെയും സംബന്ധിച്ച തീരുമാനമെടുക്കുകയും ചെയ്യും. ഇതാണ് പ്രസ്തുത ഹദീഥുകളുടെ രത്നച്ചുരുക്കം.

സൃഷ്ടികളെയെല്ലാം ബാധിക്കുന്നതും, എല്ലാവർക്കും ആശ്വാസം നൽകുന്നതും എല്ലാവരുടെയും സ്തുതിക്ക് കാരണമായിത്തീരുന്നതുമായ ശുപാർശയാണത്. **الشفاعة الكبرى**(ഏറ്റവും മഹത്തായ ശുപാർശ) എന്ന പേരിൽ അതറിയപ്പെടുന്നു. ഇതിനെപ്പറ്റി പ്രബലങ്ങളായ-ചെറുതും വലുതുമായ-പല ഹദീഥുകളും നിലവിലുണ്ട്. അവയിൽ കേവലം ചെറുതായ ഒരു ഹദീഥ് മാത്രം ഓർമക്കായി ഇവിടെ ഉദ്ധരിക്കാം. ഇബ്നു ഉമർ (റ) ഇപ്രകാരം പ്രസ്താവിക്കുന്നു: 'ക്വിയാമത്ത്നാളിൽ, മനുഷ്യർ മുട്ടുകുത്തി വീണവരായിത്തീരും. ഇന്നവരേ, ഇന്നവരേ, ഞങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഓരോ സമുദായവും അതിന്റെ നബിമാരുടെ പിന്നാലെ കൂടും. അവസാനം ഈ ശുപാർശ നബിﷺയിൽ ചെന്നവസാനിക്കും. അതാണ് അദ്ദേഹത്തെ സ്തുതിക്കപ്പെടുന്ന ഒരു സ്ഥാനത്ത് അല്ലാഹു എഴുന്നേൽപിച്ചുകൊടുക്കുന്ന ആ ദിവസം.' (ബുഖാരി).

'ബാങ്കുവിളി കേട്ടാൽ (അത് കഴിഞ്ഞ ഉടനെ) ഇപ്രകാരം പറയുന്നവർക്ക് ക്വിയാമത്ത് നാളിൽ എന്റെ ശുപാർശ ലഭിക്കുന്നതാണ്, എന്ന് നബിﷺ അരുളിച്ചെയ്തതായി ജാബിർ (റ) വഴി ഇമാം ബുഖാരീ (റ) ഉദ്ധരിച്ചിരിക്കുന്നു: **اللّهمّ ربّ هذه الدّعْوة التّامّة والصَّلاة القائمة آت مُحمّدًا الوسيلة والفضيلة وابْعثه مقامًا محْمودًا الّذي وعدْتهُ** (സാരം: ഈ പരിപൂർണമായ വിളിയുടെയും, നിലനിന്നുപോരുന്ന നമസ്കാരത്തിന്റെയും അധിപനായ അല്ലാഹുവേ! മുഹമ്മദിന് നീ 'വസീലത്തും,' 'ഫദ്വീലത്തും' നൽകേണമേ! അദ്ദേഹത്തോട് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്തുതിക്കപ്പെടുന്ന സ്ഥാനത്ത് അദ്ദേഹത്തെ എഴുന്നേൽപിച്ചുകൊടുക്കുകയും ചെയ്യേണമേ! 'വസീലത്ത്' എന്നാൽ അല്ലാഹുവിന്റെ സാമീപ്യമാകുന്ന ഉന്നത പദവി എന്നും, 'ഫദ്വീലത്ത്' എന്നാൽ മറ്റുള്ളവർക്കില്ലാത്ത ശ്രേഷ്ഠം പദവി എന്നും സാമാന്യമായി പറയാം. (**كما يظهر – فتح البارى**)

وَقُل رَّبِّ أَدۡخِلۡنِي مُدۡخَلَ صِدۡقٖ وَأَخۡرِجۡنِي مُخۡرَجَ صِدۡقٖ وَٱجۡعَل لِّي مِن لَّدُنكَ سُلۡطَٰنٗا نَّصِيرٗا ﴿٨٠﴾

﴾80﴿ [നബിയേ] നീ പറയുകയും ചെയ്യുക: 'എന്റെ റബ്ബേ! എന്നെ നീ സത്യത്തിന്റേതായ പ്രവേശനം പ്രവേശിപ്പിക്കുകയും, സത്യത്തിന്റേതായ പുറപ്പാട് പുറപ്പെടുവിക്കുകയും ചെയ്യേണമേ! നിന്റെ പക്കൽനിന്ന് എനിക്ക് സഹായകമായ ഒരു (അധികൃത) ശക്തിയും നീ ഏർപ്പെടുത്തിത്തരേണമേ!'

﴾80﴿ وَقُلْ നീ പറയുകയും ചെയ്യുക رَبِّ എന്റെ റബ്ബേ, രക്ഷിതാവേ أَدْخِلْنِي എന്നെ നീ പ്രവേശിപ്പിക്കണേ مُدْخَلَ പ്രവേശിപ്പിക്കൽ (പ്രവേശനം) صِدْقٍ സത്യത്തിന്റെ وَأَخْرِجْنِي എന്നെ നീ പുറപ്പെടുവിക്കുകയും വേണമേ مُخْرَجَ പുറപ്പെടുവിക്കൽ (പുറപ്പാട്) صِدْقٍ സത്യത്തിന്റെ وَاجْعَلْ നീ ആക്കു (ഏർപ്പെടുത്തു) കയും വേണമേ لِي എനിക്ക് مِن لَّدُنكَ നിന്റെ പക്കൽ നിന്ന് سُلْطَانًا ശക്തി, അധികാരം نَصِيرًا സഹായിക്കുന്ന (സഹായകമായ)

مُدْخَلَ صِدْقٍ എന്ന വാക്കിന് 'സത്യത്തിന്റെ പ്രവേശിപ്പിക്കൽ' എന്നും مُخْرَجَ صِدْقٍ എന്ന വാക്കിന് 'സത്യത്തിന്റെ പുറപ്പെടുവിക്കൽ' എന്നുമാണ് സാക്ഷാൽ വാക്കർഥം നൽകേണ്ടത്. ഉദ്ദേശ്യം കൂടുതൽ വ്യക്തമായി മനസ്സിലാകുവാൻ കൂടുതൽ എളുപ്പമെന്ന നിലക്ക് പരിഭാഷയിൽ കണ്ടപ്രകാരം രണ്ട് വാക്കിന് ഉദ്ദേശ്യാർഥം കൊണ്ട് മതിയാക്കിയിരിക്കുകയാണ്. നബിﷺയോട് പ്രാർഥിക്കുവാൻ കൽപിച്ച ഈ പ്രാർഥനയുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം: 'ഞാൻ വല്ല കാര്യത്തിലും പ്രവേശിക്കുമ്പോൾ ആ പ്രവേശനം സത്യത്തിന്റെ പാതയിൽ അധിഷ്ഠിതവും പ്രശംസനീയവുമായതും ആക്കിത്തരേണമേ! ഞാൻ വല്ല കാര്യത്തിൽനിന്നും വിരമിച്ചു പുറത്തുവരുന്നതും സത്യത്തിന്റെ പാത പിഴക്കാതെ ശുഭകരവും തൃപ്തികരവുമായ വിധത്തിൽ ആക്കിത്തരേണമേ! എന്റെ കൃത്യങ്ങളെല്ലാം വേണ്ടതുപോലെ നിർവ്വഹിക്കുവാനും, അതിനെതിരിൽ വിലങ്ങടിക്കുന്ന തടസ്സങ്ങളെ അതിജയിക്കുവാനും സഹായകമായ അധികാരശക്തിയും ന്യായബലവും എനിക്ക് തന്നരുളേണമേ!'

ഇന്നിന്ന വിഷയങ്ങളിലുള്ള പ്രവേശനമെന്നും, ഇന്നിന്ന വിഷയങ്ങളിൽനിന്നുള്ള പുറപ്പാട് എന്നും നിജപ്പെടുത്തപ്പെട്ടിട്ടില്ലാത്ത സ്ഥിതിക്ക് ഏതെങ്കിലും ചില പ്രത്യേക വിഷയങ്ങളെ സംബന്ധിച്ച പ്രവേശനവും പുറപ്പാടുമാണ് ഉദ്ദേശ്യമെന്നുവെച്ച് ഈ പ്രാർഥനയെ പരിമിതപ്പെടുത്തേണ്ടുന്ന ആവശ്യമില്ല. മദീനയിലേക്കുള്ള പ്രവേശനവും, മക്കയിൽനിന്നുള്ള പുറപ്പാടും, മരണശേഷം ക്വബ്റിലേക്കുള്ള പ്രവേശനവും പിന്നീട് പുനരുത്ഥാന ദിവസം മഹ്ശറയിലേക്കുള്ള പുറപ്പാടും അടക്കം ആവശ്യമായ എല്ലാ കാര്യങ്ങളിലേക്കുമുള്ള പ്രവേശനങ്ങളും, എല്ലാ വിഷയങ്ങളിൽ നിന്നുള്ള പുറപ്പാടുകളും സത്യത്തിന്റെ പാതയിലൂടെ ആക്കിക്കിട്ടുവാനുള്ള പ്രാർഥനയാണിതെന്ന് വെക്കുവാനാണ് ന്യായം.

https://velichamsaudionline.com/

അഹ്മദ്, തിർമദി, ഹാകിം, ത്വബ്റാനീ (റ) തുടങ്ങിയവർ ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: 'നബിﷺ മക്കയിലായിരുന്നു. പിന്നീട് തിരുമേനിയോട് ഹിജ്റഃ പോകുവാൻ കൽപിക്കപ്പെട്ടു. അപ്പോഴാണ് ഈ വചനം അവതരിച്ചതും.' ഈ പ്രസ്താവന അടിസ്ഥാനമാക്കിയാണ് ഇബ്നു ജരീർ (റ) മുതലായവരും മദീനയിലേക്കുള്ള പ്രവേശനവും, മക്കയിൽനിന്നുള്ള പുറപ്പാടും, മദീനയിൽ ചെന്നതിന്നു ശേഷം ശത്രുക്കളെ ജയിച്ചടക്കുവാനുള്ള സഹായശക്തിയുമാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നത്. അവതരണ സന്ദർഭം അതായിരുന്നാൽ തന്നെയും അക്കാര്യങ്ങൾ പ്രത്യേകം അതിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുമെന്നല്ലാതെ, മറ്റുള്ള കാര്യങ്ങളും ഉദ്ദേശിക്കപ്പെടുന്നതിന് അത് തടസ്സമാകുന്നില്ല. മദീനയിലെ പ്രവേശനത്തെയും, മക്കയിൽനിന്നുള്ള പുറപ്പാടിനെയും, ഇസ്ലാമിന് പിന്നീട് ലഭിച്ച ശക്തിപ്രതാപത്തെയും സംബന്ധിച്ചിടത്തോളം നബിﷺയുടെ ഈ പ്രാർഥന തികച്ചും ഫലവത്തായിട്ടുണ്ടെന്ന് പറയേണ്ടതില്ലതാനും. അടുത്ത വചനത്തിൽ അതിലേക്കുള്ള ഒരു സൂചനയും കാണാം.

وَقُلۡ جَآءَ ٱلۡحَقُّ وَزَهَقَ ٱلۡبَٰطِلُۚ إِنَّ ٱلۡبَٰطِلَ كَانَ زَهُوقٗا ﴿٨١﴾

﴾81﴿ (ഇങ്ങിനെയും) പറയുക: 'യഥാർഥം (വെളിക്കു)വന്നു; അയഥാർഥം (നശിച്ചു) നാമാവശേഷമാകുകയും ചെയ്തു. 'നിശ്ചയമായും അയഥാർഥം നാമാവശേഷമാകുന്നതാകുന്നു.

﴾81﴿ وَقُلۡ പറയുകയും ചെയ്യുക جَاءَ വന്നു الْحَقُّ യഥാർഥം وَزَهَقَ നശിച്ചുപോയി, നാമാവശേഷമാകുകയും ചെയ്തു الْبَاطِلُ അയഥാർഥം إِنَّ الْبَاطِلَ നിശ്ചയമായും അയഥാർഥം كَانَ ആകുന്നു زَهُوقًا നശിച്ചു (തേഞ്ഞുമാഞ്ഞു- നാമാവശേഷമായി) പോകുന്നത്

മുശ്രിക്കുകളെ സംബന്ധിച്ചിടത്തോളം ഒരു അന്ത്യശാസനവും, കനത്ത താക്കീതുമാണതിൽ അടങ്ങിയിരിക്കുന്നത്. തൗഹീദും, തൗഹീദിൽ അധിഷ്ഠിതമായ സത്യമാർഗവും ഇതാ പുലർന്നുകഴിഞ്ഞു. ശിർക്കും അതിന്റെ അടിസ്ഥാനത്തിലുള്ള ദുർമാർഗവും ഇതാ നശിച്ചുകഴിഞ്ഞു. നിങ്ങൾ എത്രതന്നെ എതിർപ്പും നിഷേധവും കാണിച്ചാലും അതിന്റെ സമയം ഇതാ എത്തിക്കഴിഞ്ഞിരിക്കുന്നു. മിഥ്യയായുള്ളതിന് നിലനിൽപില്ല. അടുത്ത ഭാവിയിൽ തന്നെ മുശ്രിക്കുകൾ ഈ യഥാർഥം അനുഭവത്തിൽ കാണുകയും ചെയ്തു. മക്കാ വിജയദിവസം കഅ്ബഃയിലും പരിസരങ്ങളിലും ഉണ്ടായിരുന്ന നൂറുകണക്കിലുള്ള വിഗ്രഹങ്ങളെ കയ്യിലുണ്ടായിരുന്ന ഒരു കൊള്ളിക്കഷ്ണം കൊണ്ടു കുത്തിക്കൊണ്ട് നബിﷺ ഈ വചനവും, സൂ: സബഇലെ 49-ാം വചനവും ഓതിയിരുന്നതായി ബുഖാരീ, മുസ്ലിം (റ) മുതലായവർ രേഖപ്പെടുത്തിയിരിക്കുന്നു.

وَنُنَزِّلُ مِنَ ٱلۡقُرۡءَانِ مَا هُوَ شِفَآءٞ وَرَحۡمَةٞ لِّلۡمُؤۡمِنِينَ وَلَا يَزِيدُ ٱلظَّٰلِمِينَ إِلَّا خَسَارٗا ﴿٨٢﴾

﴾82﴿ സത്യവിശ്വാസികൾക്ക് ശമനവും, കാരുണ്യവുമായുള്ളതിനെ ക്വുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് അത് നഷ്ടമല്ലാതെ വർദ്ധിപ്പിക്കുകയുമില്ല.

﴾82﴿ وَنُنَزِّلُ നാം അവതരിപ്പിക്കുന്നു مِنَ الْقُرْآنِ ക്വുര്‍ആനില്‍ നിന്നായി (ക്വുര്‍ആനിലൂടെ) مَا യാതൊന്ന് هُوَ അത് شِفَاءٌ ശമനം ആശ്വാസം وَرَحْمَةٌ കാരുണ്യവും لِلْمُؤْمِنِينَ സത്യവിശ്വാസികള്‍ക്ക് وَلَا يَزِيدُ അത് വര്‍ധിപ്പിക്കുകയുമില്ല الظَّالِمِينَ അക്രമികള്‍ക്ക് إِلَّا خَسَارًا നഷ്ടമല്ലാതെ

സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം, സംശയം, ആശയക്കുഴപ്പം, അന്ധവിശ്വാസം, കാപട്യം, വക്രത, അജ്ഞത ആദിയായ മനോരോഗങ്ങള്‍ക്ക് ക്വുര്‍ആന്‍ ശമനം നല്‍കുന്നു. അതിന്റെ നിയമനിര്‍ദേശങ്ങളും സിദ്ധാന്തങ്ങളും വഴി ഐഹികവും പാരത്രികവുമായ കണക്കറ്റ അനുഗ്രഹങ്ങളും അവര്‍ക്ക് സിദ്ധിക്കുന്നു. സത്യവിശ്വാസം സ്വീകരിക്കാത്ത അക്രമികളെ സംബന്ധിച്ചിടത്തോളം, അവര്‍ അതിലേക്ക് ശ്രദ്ധ കൊടുക്കുകയോ, അതിന്റെ മാര്‍ഗനിര്‍ദേശങ്ങള്‍ സ്വീകരിക്കുകയോ ചെയ്യാത്തതുകൊണ്ട് പ്രസ്തുത ഗുണങ്ങളൊന്നും അവര്‍ക്ക് ലഭിക്കുകയില്ല. മാത്രമല്ല, അവര്‍ക്കതു മൂലം നഷ്ടം വര്‍ധിക്കുകയേ ചെയ്കയുള്ളുതാനും. കാരണം, ക്വുര്‍ആന്റെ ഓരോ ഭാഗം അവതരിക്കുമ്പോഴും അതിനെ നിഷേധിക്കുകയും എതിര്‍ക്കുകയുമാണല്ലോ അവര്‍ ചെയ്യുന്നത്. അതോടെ അവരുടെ നഷ്ടം വര്‍ധിച്ചുകൊണ്ടേ ഇരിക്കും.

وَإِذَآ أَنْعَمْنَا عَلَى ٱلْإِنسَٰنِ أَعْرَضَ وَنَـَٔا بِجَانِبِهِۦ ۖ وَإِذَا مَسَّهُ ٱلشَّرُّ كَانَ يَـُٔوسًا ﴿٨٣﴾

﴾83﴿ മനുഷ്യന് നാം അനുഗ്രഹം ചെയ്തു കൊടുത്താല്‍ അവന്‍ (അവഗണിച്ചു) തിരിഞ്ഞുകളയുകയും, (ഊര തിരിച്ച്) അവന്റെ പാര്‍ശ്വവും കൊണ്ട് അവന്‍ അകന്നുപോകുകയും ചെയ്യും. അവന് ദോഷം ബാധിച്ചാലാവട്ടെ, അവന്‍ വളരെ നിരാശനുമായിരിക്കും.

قُلْ كُلٌّ يَعْمَلُ عَلَىٰ شَاكِلَتِهِۦ فَرَبُّكُمْ أَعْلَمُ بِمَنْ هُوَ أَهْدَىٰ سَبِيلًا ﴿٨٤﴾

﴾84﴿ പറയുക: 'എല്ലാവരും അവ(രവ)രുടെ സമ്പ്രദായമനുസരിച്ച് പ്രവര്‍ത്തിക്കുന്നു. എന്നാല്‍, നിങ്ങളുടെ റബ്ബ്, മാര്‍ഗം കൂടുതല്‍ നേരെയുള്ളവനെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.'

﴾83﴿ وَإِذَا أَنْعَمْنَا നാം അനുഗ്രഹം ചെയ്താല്‍ عَلَى الْإِنْسَانِ മനുഷ്യന്, മനുഷ്യന്റെ മേല്‍ أَعْرَضَ അവന്‍ തിരിഞ്ഞുകളയും وَنَأَى അവന്‍ അകന്നുപോകയും ചെയ്യും بِجَانِبِهِ അവന്റെ പാര്‍ശ്വവുംകൊണ്ട് (അവന്റെ പാട്ടില്‍-ഊര തിരിച്ച്) وَإِذَا مَسَّهُ അവനെ സ്പര്‍ശി(ബാധി) ച്ചാല്‍ الشَّرُّ ദോഷം, തിന്‍മ كَانَ അവനായിരിക്കും يَئُوسًا തീരെ ആശയറ്റവന്‍ ﴾84﴿ قُلْ പറയുക كُلٌّ എല്ലാവരും يَعْمَلُ പ്രവര്‍ത്തിക്കുന്നു عَلَىٰ شَاكِلَتِهِ അവന്റെ സമ്പ്രദായത്തില്‍, ആകൃതി (രീതി) അനുസരിച്ച് فَرَبُّكُمْ എന്നാല്‍ നിങ്ങളുടെ റബ്ബ് أَعْلَمُ അധികം (നന്നായി) അറിയുന്നവനാണ് بِمَنْ യാതൊരുവനെപ്പറ്റി هُوَ أَهْدَىٰ അവന്‍ കൂടു

തൽ നേർമാർഗി (നേരെയുള്ളവൻ) ആണ് سَبِيلا മാർഗം, മാർഗത്താൽ

നന്മയും അനുഗ്രഹവും ലഭിക്കുമ്പോൾ നന്ദികാണിക്കാതെ, അവഗണിച്ചുതള്ളലും, അഹങ്കാരപൂർവ്വം ഊര തിരിച്ചു പിൻമാറിപ്പോകലും, തിന്മയും ഉപദ്രവവും വരുമ്പോൾ നിരാശയും അക്ഷമയും കാണിക്കലും മനുഷ്യന്റെ പൊതു സ്വഭാവമാണെന്ന് ആദ്യത്തെ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അല്ലാഹു കാത്തുരക്ഷിച്ചവർക്കേ ഈ സ്വഭാവ ദൂഷ്യം ബാധിക്കാതെ രക്ഷപ്പെടുവാൻകഴിയുകയുള്ളൂ. മുശ്‌രിക്കുകളടക്കമുള്ള എല്ലാ ദുർന്നടപ്പുകാർക്കുമുള്ള ഒരു താക്കീതാണ് രണ്ടാമത്തെ വചനത്തിലുള്ളത്. അതായത്, ഓരോരുത്തരും അവരവരുടെ ഹിതവും ആശയാദർശവും അനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങളും കർമങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. ആർക്കും ഇപ്പോൾ അതിന് തടസ്സമൊന്നുമില്ല. പക്ഷേ, ആരാണ് കൂടുതൽ നല്ല മാർഗം സ്വീകരിക്കുന്നവർ, ആരാണ് മോശപ്പെട്ടവർ എന്നൊക്കെ അല്ലാഹുവിന് ശരിക്കും അറിയാം. അതനുസരിച്ച് ഓരോരുത്തരുടെ മേലും പിന്നീട് അവൻ തക്ക നടപടി എടുക്കുക തന്നെ ചെയ്യും എന്ന് താൽപര്യം.

വിഭാഗം - 10

وَيَسْـَٔلُونَكَ عَنِ ٱلرُّوحِ ۖ قُلِ ٱلرُّوحُ مِنْ أَمْرِ رَبِّى وَمَآ أُوتِيتُم مِّنَ ٱلْعِلْمِ إِلَّا قَلِيلًا ﴿٨٥﴾

﴾85﴿ (നബിയേ) നിന്നോട് അവർ ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു. പറയുക: 'ആത്മാവ് എന്റെ റബ്ബിന്റെ കാര്യത്തിൽപെട്ടതാണ്; നിങ്ങൾക്ക് അറിവിൽനിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ലതാനും.'

﴾85﴿ وَيَسْأَلُونَكَ അവർ നിന്നോട് ചോദിക്കുന്നു, ചോദിക്കും عَنِ الرُّوحِ ആത്മാവിനെപ്പറ്റി قُلِ പറയുക الرُّوحُ ആത്മാവ് مِنْ أَمْرِ കാര്യത്തിൽപെട്ടതാണ് رَبِّي എന്റെ റബ്ബിന്റെ وَمَا أُوتِيتُمْ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ലതാനും مِنَ الْعِلْمِ അറിവിൽ നിന്ന് إِلا قَلِيلا അൽപം (കുറച്ച്) അല്ലാതെ

ചില പ്രത്യേക അടയാളങ്ങൾ ഒരു വസ്തുവിൽ കാണപ്പെടുമ്പോൾ അതിന് ജീവനുണ്ടെന്നും, അതില്ലാതിരിക്കുമ്പോൾ അതിന് ആത്മാവില്ലെന്നും നാം പറയുന്നു. എന്നാൽ, ആത്മാവ് എന്നാലെന്താണ്? എങ്ങിനെയാണ്? എവിടെ നിന്നു വന്നു? എങ്ങോട്ട് പോകുന്നു? ഇതിനെപ്പറ്റിയെല്ലാം സൂക്ഷ്മവും ശരിയുമായ അറിവ് അല്ലാഹുവിന് മാത്രമേയുള്ളൂ. ആത്മാവിന് കൃത്യവും ശരിയുമായ ഒരു നിർവചനം നൽകുവാൻപോലും മനുഷ്യന് ഇതേവരെ സാധിച്ചിട്ടില്ല. ആ അജ്ഞാത രഹസ്യം കണ്ടെത്തുവാൻ വേണ്ടി വിവിധ തരത്തിലുള്ള നിരീക്ഷണ പരീക്ഷണങ്ങൾ ശാസ്ത്രജ്ഞന്മാർ നടത്തിക്കൊണ്ടിരിക്കുകയാണ്. മുമ്പില്ലാത്ത പല അറിവുകളും അതുമൂലം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, ഇന്നിന്ന വസ്തു ഇന്നിന്ന പ്രകാരത്തിലായിത്തീരുമ്പോൾ ജീവാത്മാവ് ഉണ്ടായിത്തീരുന്നുവെന്നതിൽ കവിഞ്ഞ് വല്ലതും പറയുവാനോ, ആത്മാവിനെ സൃഷ്ടിച്ചുണ്ടാക്കുവാനോ, കാണുവാനോ, വസ്തുനിഷ്ഠമായി അപഗ്രഥിക്കുവാനോ ഇന്നേവരെ കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. മനുഷ്യന്റെ അറിവും കഴിവും എത്രതന്നെ പുരോഗമിച്ചാലും അതൊക്കെ പദാർഥലോകവും, ബാഹ്യലോകവുമായി ബന്ധപ്പെട്ടവയായി

രിക്കും. ആത്മീയലോകവും, അദൃശ്യലോകവും സംബന്ധിച്ച വിവരങ്ങൾ അല്ലാഹുവിൽനിന്ന് പ്രവാചകന്മാർ മുഖേന മാത്രം ലഭിക്കുന്നവയത്രെ. പദാർഥ ലോകത്തെയും ബാഹ്യലോകത്തെയും സംബന്ധിച്ചു തന്നെയും മനുഷ്യന്റെ അറിവ് പൂർണമാണോ? അതുമല്ല. അറിവ് വർധിക്കുന്തോറും അവന്റെ അജ്ഞതയുടെ ആഴവും പരപ്പും അവന് കൂടുതൽ വ്യക്തമാവുകയാണ് ചെയ്യുന്നത്. അതെ, وَمَا أُوتِيتُم مِّنَ الْعِلْمِ إِلَّا قَلِيلًا (നിങ്ങൾക്ക് അറിവിൽനിന്നും അൽപമല്ലാതെ നൽകപ്പെട്ടിട്ടില്ല.) എന്ന് മനുഷ്യന്റെ സ്രഷ്ടാവ് ഉറപ്പിച്ചു പറഞ്ഞതാണല്ലോ.

الرُّوح(റൂഹ്) കൊണ്ട് ഇവിടെ വിവക്ഷ ജിബ്‌രീൽ (അ) എന്ന മലക്കാണെന്നും, ഈസാ നബി(അ)യാണെന്നും, ക്വുർആനാണെന്നും മറ്റും ചിലർ അഭിപ്രായപ്പെട്ടു കാണാം. ക്വുർആനിൽ സന്ദർഭമനുസരിച്ച് ചില സ്ഥലങ്ങളിൽ പ്രസ്തുത ഉദ്ദേശ്യങ്ങളിൽ അത് വന്നിട്ടുള്ളത് ശരിയാണ്. പക്ഷേ, പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതും, ഹദീഥിന്റെ പിൻബലമുള്ളതും, ഭൂരിഭാഗം ക്വുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നതും ജീവാത്മാവ് തന്നെയാണ് ഇവിടെ 'റൂഹ്' കൊണ്ട് വിവക്ഷ എന്നത്രെ. ബുഖാരിയും, മുസ്‌ലിമും (റ) അടക്കം പല മഹാന്മാരും ഇബ്നു മസ്ഊദ് (റ) ൽ നിന്ന് രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു:- അദ്ദേഹം പറയുന്നു: 'മദീനയിൽ വെച്ച് നബിﷺ ഒരു യഹൂദ സംഘത്തിന്റെ അടുക്കൽ കൂടി പോകുമ്പോൾ അവരിൽ ചിലർ, അദ്ദേഹത്തോട് റൂഹിനെക്കുറിച്ച് ചോദിച്ചുനോക്കാമെന്ന് പറഞ്ഞു. അത് ചോദിക്കേണ്ടതില്ലെന്നും, ചോദിച്ചാൽ നിങ്ങൾക്ക് ഇഷ്ടകരമല്ലാത്ത മറുപടിയായിരിക്കും ലഭിക്കുകയെന്നും വേറെ ചിലരും പറഞ്ഞു. അവസാനം അവർ ചോദിക്കുക തന്നെ ചെയ്തു. അൽപനേരം നബിﷺ മൗനമവലംബിച്ചു. അപ്പോൾ നബി (സ)ക്ക് വഹ്‌യ് വരികയാണെന്ന് എനിക്ക് മനസ്സിലായി.പിന്നീട് നബി ﷺമൗനമവംലബിച്ചു. അപ്പോൾ നബി(സ)ക്ക് വഹ്‌യ് വരികയാണെന്ന് എനിക്ക് മനസ്സിലായി. പിന്നീട് നബിﷺ وَيَسْأَلُونَكَ عَنِ الرُّوحِഎന്നുള്ള ഈ വചനം ഓതിക്കേൾപ്പിച്ചു'. നബിﷺയെ ഉത്തരംമുട്ടിച്ചു വിജയഭേരി അടിക്കാമെന്ന് കരുതിയ യഹൂദികൾ ചോദിച്ച ഈ ചോദ്യത്തിൽ പറഞ്ഞ 'റൂഹ്' കൊണ്ടുദ്ദേശ്യം ജീവാത്മാവല്ലാത്ത മറ്റൊന്നുമായിരിക്കുവാൻ തരമില്ലെന്നും, ജീവാത്മാവിനെക്കുറിച്ച് തന്നെയാണ് അവർ ചോദിച്ചതെന്നും ഇമാം ക്വുർത്വുബി (റ) പോലുള്ള ചില മഹാന്മാർ ന്യായസഹിതം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സ്ഥലദൈർഘ്യം ഭയന്ന് അതിവിടെ ഉദ്ധരിക്കുന്നില്ല.

وَلَئِن شِئْنَا لَنَذْهَبَنَّ بِالَّذِي أَوْحَيْنَا إِلَيْكَ ثُمَّ لَا تَجِدُ لَكَ بِهِۦ عَلَيْنَا وَكِيلًا ﴿٨٦﴾

﴿86﴾ നാം ഉദ്ദേശിച്ചുവെങ്കിൽ, നിശ്ചയമായും, നിനക്ക് നാം വഹ്‌യ് (സന്ദേശം) നൽകിയിട്ടുള്ളതിനെ നാം കൊണ്ടുപോകുക തന്നെ ചെയ്യുന്നതാണ്; പിന്നെ, നമുക്കെതിരിൽ അതിന് ഭരമേൽപിക്കപ്പെടുന്ന ഒരാളെയും നിനക്ക് നീ കണ്ടെത്തുകയില്ല;-

إِلَّا رَحْمَةً مِّن رَّبِّكَ ۚ إِنَّ فَضْلَهُۥ كَانَ عَلَيْكَ كَبِيرًا ﴿٨٧﴾

﴿87﴾ പക്ഷേ, നിന്റെ റബ്ബിങ്കൽ നിന്നുള്ള കാരുണ്യമായിട്ടത്രെ (അങ്ങിനെ ചെയ്യാത്തത്). നിശ്ചയമായും, നിന്റെ മേൽ അവന്റെ അനു

﴾86﴿ وَلَئِن شِئْنَا തീർച്ചയായും നാം ഉദ്ദേശിച്ചെങ്കിൽ لَنَذْهَبَنَّ നാം പോകുക തന്നെ ചെയ്യും بِالَّذِي أَوْحَيْنَا നാം വഹ്‌യ് (സന്ദേശം) നൽകിയതുംകൊണ്ട് إِلَيْكَ നിനക്ക് ثُمَّ പിന്നെ لَا تَجِدُ لَكَ നീ കണ്ടെത്തുകയില്ല بِهِ അതിന്, അതിനെപ്പറ്റി عَلَيْنَا നമ്മുടെ മേൽ (എതിരെ) وَكِيلًا ഒരു ഭരമേൽപിക്കപ്പെടുന്ന (ഏറ്റെടുക്കുന്ന)വനെ ﴾87﴿ إِلَّا رَحْمَةً പക്ഷേ കാരുണ്യമായിട്ട്, കാരുണ്യമായിട്ടല്ലാതെ مِّن رَّبِّكَ നിന്റെ റബ്ബിങ്കൽ നിന്നുള്ള إِنَّ فَضْلَهُ നിശ്ചയമായും അവന്റെ ദയവ്, അനുഗ്രഹം, പുണ്യം كَانَ ആകുന്നു عَلَيْكَ നിന്റെ മേൽ كَبِيرًا വലിയത്

അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം, ജനഹൃദയങ്ങളിലാകട്ടെ, 'മുസ്ഹഫു'കളിലാകട്ടെ അവശേഷിക്കാത്ത വിധം ക്വുർആനെ മായിച്ചു നീക്കം ചെയ്‌വാൻ അവന് കഴിയും. അങ്ങിനെ സംഭവിച്ചാൽ അതിനെതിരായ ഒരു നടപടിയും എടുക്കുവാൻ സാധിക്കുന്ന ആരും തന്നെ ഇല്ല. എങ്കിലും അല്ലാഹു അവന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ട് അങ്ങിനെ ചെയ്യുന്നില്ല. നബിﷺക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അതിമഹത്തരമായതാണ്. അക്കൂട്ടത്തിൽ ക്വുർആനെ ലോകാവസാനം വരെ നിലനിറുത്തുവാനാണ് അവൻ ഉദ്ദേശിക്കുന്നത്.

قُل لَّئِنِ ٱجْتَمَعَتِ ٱلْإِنسُ وَٱلْجِنُّ عَلَىٰٓ أَن يَأْتُوا۟ بِمِثْلِ هَـٰذَا ٱلْقُرْءَانِ لَا يَأْتُونَ بِمِثْلِهِۦ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا ﴿٨٨﴾

﴾88﴿ (നബിയേ) പറയുക: 'തീർച്ചയായും, ഈ ക്വുർആൻ പോലെയുള്ളത് കൊണ്ടുവരുവാൻ മനുഷ്യരും, ജിന്നുകളും ഒരുമിച്ചു ചേർന്നാലും, ഇതുപോലെയുള്ളത് അവർ കൊണ്ടുവരുന്നതല്ല; അവരിൽ ചിലർ ചിലർക്ക് പിൻതുണ നൽകുന്നവരായിരുന്നാലും ശരി.

﴾88﴿ قُلْ പറയുക لَئِنِ തീർച്ചയായും എങ്കിൽ اجْتَمَعَتِ ഒരുമിച്ചുകൂടി (യെങ്കിൽ) الْإِنسُ മനുഷ്യർ وَالْجِنُّ ജിന്നുകളും عَلَىٰ أَن يَأْتُوا അവർ വരുവാൻ بِمِثْلِ പോലെയുള്ളത് കൊണ്ട് هَٰذَا الْقُرْآنِ ഈ ക്വുർആൻ لَا يَأْتُونَ അവർ വരികയില്ല بِمِثْلِهِ ഇത് (അത്) പോലെയുള്ളതുകൊണ്ട് وَلَوْ كَانَ ആയിരുന്നാലും ശരി بَعْضُهُمْ അവരിൽ ചിലർ لِبَعْضٍ ചിലർക്ക് ظَهِيرًا പിൻതുണ (സഹായം) നൽകുന്നവർ

ക്വുർആന്റെ അമാനുഷികതയെ സ്ഥാപിക്കുന്ന സുവ്യക്തമായ ഒരു ദൃഷ്ടാന്തമാണ് ഈ വചനത്തിൽ കാണുന്ന പ്രവചനം. മനുഷ്യവർഗവും, ജിന്ന് വർഗവുമാണല്ലോ അല്ലാഹുവിന്റെ നിയമശാസനങ്ങൾക്ക് വിധേയരായവർ. ഈ രണ്ട് വർഗവും കൂടി ഒത്തൊരുമിച്ചു പരസ്പരം സഹായം നൽകിക്കൊണ്ടിരുന്നാലും ഈ ക്വുർആനോട് കിടയൊത്ത ഒരു ഗ്രന്ഥം കൊണ്ടുവരുവാൻ സാധിക്കുകയില്ലെന്ന് അല്ലാഹു ഖണ്ഡിതമായ ഭാഷയിൽ ഉറപ്പിച്ചുപറയുന്നു. ക്വുർആൻ നിലവിലുള്ള കാലത്തോളം ഈ വെല്ലുവിളി അതിൽ അവശേഷിക്കുകയും ചെയ്യും. ക്വുർആന്റെ മുരത്ത ശത്രുക്കളായി ധാരാളം ആളുകളും സമൂഹങ്ങളും ഉണ്ടായിക്കൊണ്ടിരുന്നിട്ടും ഇക്കാലം വരെ ആർക്കും അതിന് സാധിച്ചി

https://velichamsaudionline.com/

ട്ടില്ല. മേലിലും സാധിക്കുകയില്ലെന്നും തീർച്ച തന്നെ.

ഈ ക്വുർആൻ പോലെയുള്ള ഒരു ഗ്രന്ഥം കൊണ്ടുവരുവാനാണ് ഈ വചനത്തിൽ ശത്രുക്കളെ വെല്ലുവിളിച്ചിരിക്കുന്നതെങ്കിലും, ക്വുർആനിലെ ഏതെങ്കിലും പത്ത് സൂറത്ത് പോലെയുള്ളത് കൊണ്ടുവന്നാലും മതിയെന്ന് 11:13 ലും, ഒരു സൂറത്തുപോലെയുള്ളത് കൊണ്ടുവന്നാലും മതിയെന്ന് 10:38 ലും, 2:23 ലും അല്ലാഹു വെല്ലുവിളിക്കുകയുണ്ടായിട്ടുണ്ട്. എന്നിട്ടും ഇവയിൽ ഒന്നിനെ നേരിടുവാൻ പോലും ഇന്നോളം ആർക്കും കഴിഞ്ഞിട്ടില്ല. മേലിലും കഴിയുകയില്ലതാനും. (കൂടുതൽ വിവരണം അവിടങ്ങളിൽ കഴിഞ്ഞുപോയിട്ടുള്ളത് നോക്കുക.)

وَلَقَدْ صَرَّفْنَا لِلنَّاسِ فِي هَٰذَا ٱلْقُرْءَانِ مِن كُلِّ مَثَلٍ فَأَبَىٰٓ أَكْثَرُ ٱلنَّاسِ إِلَّا كُفُورًا ﴿٨٩﴾

﴾89﴿ **തീർച്ചയായും, ഈ ക്വുർആനിൽ എല്ലാ (വക) ഉപമകളെയും നാം വിവിധ രൂപത്തിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ, മനുഷ്യരിൽ അധികമാളും നന്ദികേട് കാണി (ച്ചു നിഷേധി) ക്കുന്നതിന്നല്ലാതെ വിസമ്മതിച്ചിരിക്കുകയാണ്.**

وَقَالُوا۟ لَن نُّؤْمِنَ لَكَ حَتَّىٰ تَفْجُرَ لَنَا مِنَ ٱلْأَرْضِ يَنۢبُوعًا ﴿٩٠﴾

﴾90﴿ **അവർ പറയുകയും ചെയ്തു: 'ഭൂമിയിൽനിന്നും നീ ഞങ്ങൾക്ക് ഒരു ഉറവിടം പൊട്ടി ഒഴുക്കിത്തരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല;-**

أَوْ تَكُونَ لَكَ جَنَّةٌ مِّن نَّخِيلٍ وَعِنَبٍ فَتُفَجِّرَ ٱلْأَنْهَٰرَ خِلَٰلَهَا تَفْجِيرًا ﴿٩١﴾

﴾91﴿ **'അല്ലെങ്കിൽ, നിനക്ക് ഈന്തപ്പനയും, മുന്തിരിയുമായി ഒരു തോട്ടമുണ്ടായിരിക്കുക; എന്നിട്ട് അതിന്റെ ഇടയിലൂടെ നീ അരുവികളെ ഒരു (ശക്തമായ) പൊട്ടി ഒഴുക്കൽ ഒഴുക്കുക:-**

أَوْ تُسْقِطَ ٱلسَّمَآءَ كَمَا زَعَمْتَ عَلَيْنَا كِسَفًا أَوْ تَأْتِىَ بِٱللَّهِ وَٱلْمَلَٰٓئِكَةِ قَبِيلًا ﴿٩٢﴾

﴾92﴿ **'അല്ലെങ്കിൽ, നീ ജൽപിച്ചതുപോലെ ഞങ്ങളുടെമേൽ നീ ആകാശത്തെ കഷ്ണങ്ങളായി വീഴ്ത്തുക; അല്ലെങ്കിൽ, അല്ലാഹുവിനെയും, മലക്കുകളെയും നീ അഭിമുഖമായി കൊണ്ടുവരിക;-**

﴾89﴿ وَلَقَدْ صَرَّفْنَا തീർച്ചയായും നാം വിവിധ രൂപത്തിൽ വിവരിച്ചിട്ടുണ്ട് لِلنَّاسِ മനുഷ്യർക്ക് فِي هَٰذَا الْقُرْآنِ ഈ ക്വുർആനിൽ مِن كُلِّ مَثَلٍ എല്ലാ ഉപമകളെയും, എല്ലാ ഉപമയിൽനിന്നും فَأَبَىٰ എന്നാൽ വിസമ്മതിച്ചു أَكْثَرُ النَّاسِ മനുഷ്യരിൽ അധികവും

لَنْ نُؤْمِنَ ഞങ്ങൾ وَقَالُوا അവർ പറയുകയും ചെയ്തു ﴾90﴿ إِلَّا كُفُورًا നന്ദികേടിന്നല്ലാതെ
വിശ്വസിക്കുകയേ ഇല്ല. لَكَ നിന്നെ حَتَّى تَفْجُرَ നീ പൊട്ടി ഒഴുക്കുന്നതുവരെ لَنَا ഞങ്ങൾക്ക്
مِنَ الْأَرْضِ ഭൂമിയിൽ നിന്ന് يَنْبُوعًا ഒരു ഉറവിടത്തെ ﴾91﴿ أَوْ تَكُونَ അല്ലെങ്കിൽ ഉണ്ടാ
വുക, ഉണ്ടാകുന്നത് (വരെ) لَكَ നിനക്ക് جَنَّةٌ ഒരു തോട്ടം مِنْ نَخِيلٍ ഈത്തപ്പനയാൽ
وَعِنَبٍ മുന്തിരിയാലും فَتُفَجِّرَ എന്നിട്ട് നീ പൊട്ടി ഒഴുക്കുക, ഒഴുക്കുന്നത് (വരെ) الْأَنْهَارَ
അരുവി (നദി-തോടു) കളെ خِلَالَهَا അതിന്റെ (അവയുടെ) ഇടയിൽ تَفْجِيرًا ഒരു (ശക്ത
മായ) പൊട്ടി ഒഴുക്കൽ ﴾92﴿ أَوْ تُسْقِطَ അല്ലെങ്കിൽ നീ വീഴ്ത്തുക, വീഴ്ത്തുന്നത് (വരെ)
السَّمَاءَ ആകാശത്തെ كَمَا زَعَمْتَ നാം ജൽപിച്ച (വാദിച്ച) പോലെ عَلَيْنَا ഞങ്ങളുടെ
മേൽ كِسَفًا കഷ്ണങ്ങളായി أَوْ تَأْتِيَ അല്ലെങ്കിൽ നീ വരുക, വരുന്നതു (വരെ) بِاللَّهِ അല്ലാ
ഹുവിനെകൊണ്ട് وَالْمَلَائِكَةِ മലക്കുകളെയും قَبِيلًا അഭിമുഖമായി

أَوْ يَكُونَ لَكَ بَيْتٌ مِّن زُخْرُفٍ أَوْ تَرْقَىٰ فِي ٱلسَّمَآءِ وَلَن نُّؤْمِنَ لِرُقِيِّكَ حَتَّىٰ تُنَزِّلَ عَلَيْنَا كِتَٰبًا نَّقْرَؤُهُۥ ۗ

﴾93﴿ 'അല്ലെങ്കിൽ, നിനക്ക് തങ്കം കൊണ്ടുള്ള ഒരു വീടുണ്ടായിരിക്കുക; അല്ലെങ്കിൽ, നീ ആകാശത്തിലൂടെ കയറിപ്പോകുക, (ഇവ ഏതെങ്കിലും ഒന്നുണ്ടാവാതെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല.) ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളിൽ നീ ഇറക്കിത്തരുന്നതുവരെ നിന്റെ കയറിപ്പോക്ക് ഞങ്ങൾ വിശ്വസിക്കുകയുമില്ല തന്നെ,'

قُلْ سُبْحَانَ رَبِّى هَلْ كُنتُ إِلَّا بَشَرًا رَّسُولًا ﴿٩٣﴾

(നബിയേ) പറയുക: ' എന്റെ റബ്ബ് മഹാ പരിശുദ്ധൻ! (അവനെ ഞാൻ വാഴ്ത്തുന്നു.) ഞാൻ ഒരു റസൂലായ മനുഷ്യനല്ലാതെ (മറ്റു വല്ലവനും) ആകുന്നുവോ?!'

﴾93﴿ أَوْ يَكُونَ അല്ലെങ്കിൽ ഉണ്ടായിരിക്കുക, ഉണ്ടാകുന്നതു (വരെ) لَكَ നിനക്ക്
بَيْتٌ ഒരു വീട് مِنْ زُخْرُفٍ തങ്കം (സ്വർണം) കൊണ്ട്, തങ്കത്താൽ أَوْ تَرْقَى അല്ലെങ്കിൽ
നീ കയറുക. കയറിപ്പോകുന്നത്(വരെ) فِي السَّمَاءِ ആകാശത്തിൽ وَلَنْ نُؤْمِنَ ഞങ്ങൾ
വിശ്വസിക്കുകയുമില്ലതന്നെ لِرُقِيِّكَ നിന്റെ കയറിപ്പോക്കിനെ حَتَّى تُنَزِّلَ നീ ഇറക്കുവോളം
(ഇറക്കാതെ) عَلَيْنَا ഞങ്ങളുടെ മേൽ, ഞങ്ങളിൽ كِتَابًا ഒരു ഗ്രന്ഥം نَقْرَؤُهُ ഞങ്ങളി
തിനെ വായിക്കുമാറ് (ഞങ്ങൾക്ക് വായിക്കാവുന്ന) قُلْ നീ പറയുക سُبْحَانَ മഹാപരിശു
ദ്ധൻ (ഞാൻ വാഴ്ത്തുന്നു) رَبِّي എന്റെ റബ്ബ് (റബ്ബിനെ) هَلْ كُنْتُ ഞാനാകുന്നുവോ إِلَّا بَشَرًا
ഒരു മനുഷ്യനല്ലാതെ رَسُولًا റസൂലായ, (ദൈവ) ദൂതനായ

സത്യം വേണ്ടത്പോലെ ഗ്രഹിക്കുവാനാവശ്യമായ എല്ലാതരം വിശദീകരണങ്ങളും തെളിവുകളും ഈ ക്വുർആൻ മുഖേന അല്ലാഹു നൽകിക്കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും നന്ദി പൂർവം അത് സ്വീകരിക്കുന്നതിനുപകരം, നന്ദികേടും നിഷേധവുമാണ് മിക്ക മനുഷ്യരും കൈക്കൊണ്ടിരിക്കുന്നതെന്നും, അതുകൊണ്ടും മതിയാക്കാതെ ധിക്കാരപരമായ കുറേ മുട്ടുചോദ്യങ്ങളും വെല്ലുവിളികളും നടത്തുകയാണ് അവർ ചെയ്യുന്നതെന്നും പ്രസ്താവിച്ചുകൊണ്ട് ക്വുറൈശീ പ്രമാണികൾ നബിﷺയുടെ മുമ്പിൽ സമർപ്പിച്ച ചില ആവശ്യങ്ങൾ അല്ലാഹു വിവരിക്കുന്നു. നീ അല്ലാഹുവിന്റെ ദൂതനാണെന്നും, നീ പ്രബോധനം ചെയ്യുന്ന ഈ ക്വുർആൻ അവൻ അവതരിപ്പിച്ചതാണെന്നുമാണല്ലോ നിന്റെ വാദം. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അവന് കഴിയാത്ത കാര്യമൊന്നുമില്ല. ആ സ്ഥിതിക്ക് ഞങ്ങൾ ആവശ്യപ്പെടുന്ന ഈ കാര്യങ്ങളിൽ ഒന്നെങ്കിലും സംഭവിച്ചു കാണാതെ നിന്റെ വാക്ക് ഞങ്ങൾ വിശ്വസിക്കുന്ന പ്രശ്നമേ ഇല്ല എന്നത്രെ അവർ പറയുന്നത്. അവർ ഉന്നയിച്ച സംഗതികൾ ഇവയാണ്:-

(1) വെള്ളമില്ലാതെ വരണ്ടുകിടക്കുന്ന ഈ നാട്ടിൽ, ഭൂമിയിൽ നിന്നൊരു ഉറവിടം പൊട്ടി ഒഴുക്കി വെള്ളത്തിന്റെ ക്ഷാമം വേണ്ടതുപോലെ തീർത്തുതരുക.

(2) അല്ലെങ്കിൽ, ഈ തരിശായിക്കിടക്കുന്ന നാട്ടിൽ ഈത്തപ്പനയും മുന്തിരിയും മുറ്റി നിൽക്കുന്ന ഫലസമൃദ്ധമായ ഒരു തോട്ടമുണ്ടാക്കി അതിനിടയിലൂടെ അരുവികളും തോടുകളും ഒഴുകുമാറാക്കുക.

(3) അല്ലെങ്കിൽ, ഒരിക്കൽ ഈ ലോകം നശിക്കുമെന്നും, അപ്പോൾ ആകാശം പൊട്ടിപ്പിളരുമെന്നുമൊക്കെ നീ പറയാറുണ്ടല്ലോ. അതുപോലെ, ഇപ്പോൾ തന്നെ ഞങ്ങളുടെ മീതെ ആകാശം തുണ്ടുതുണ്ടായി വീഴ്ത്തിക്കാണിക്കുക.

(4) അതുമല്ലെങ്കിൽ, നീ സത്യവാനാണെന്ന് സാക്ഷ്യപ്പെടുത്തുമാറ് അല്ലാഹുവിനെയും മലക്കുകളെയും കൂട്ടത്തോടെ ഇങ്ങ് കൊണ്ടുവരിക.

(5) അല്ലെങ്കിൽ, തങ്കത്താൽ നിർമിതമായ ഒരു വീട് നിനക്കുണ്ടായിക്കാണുക.

(6) ഇതുമല്ലെങ്കിൽ, നീ ആകാശത്തിലൂടെ ഒന്ന് കയറിപ്പോകുന്നത് കാണുക. പക്ഷേ, വല്ല മായവിദ്യയും കാട്ടി ഞങ്ങളെ കബളിപ്പിച്ചാൽ പോരാ. നീ യഥാർഥത്തിൽ കയറിപ്പോയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുവാൻ വേണ്ടി, ഞങ്ങൾക്ക് നേരിൽ തന്നെ വായിച്ചു ഗ്രഹിക്കുവാൻ ഉതകുന്ന വിധം ഒരു ഗ്രന്ഥം നീ അവിടെനിന്ന് കൊണ്ടുവരിക കൂടി വേണം. എന്നാലേ അത് ഞങ്ങൾ വിശ്വസിക്കൂ. ഇത്രയും കാര്യങ്ങളിൽ ഒന്നെങ്കിലും ചെയ്തു കാണിക്കാതെ ഞങ്ങൾ ഒരിക്കലും നിന്നെ വിശ്വസിക്കുകയില്ലെന്ന് ആ ധിക്കാരികൾ ശഠിച്ചുപറഞ്ഞു. മലക്കുകളെ ഇറക്കിയാലും, മരണപ്പെട്ടവർ എഴുന്നേറ്റു വന്നു സംസാരിച്ചാലും, എന്നുവേണ്ടാ, എല്ലാ വസ്തുക്കളെയും ഒന്നായി ഒരുമിച്ചുകൂട്ടി കാണിച്ചാലും വിശ്വസിക്കുവാൻ തയ്യാറില്ലാത്തവരാണവർ എന്ന് 6:111 ൽ അല്ലാഹു പ്രസ്താവിച്ച ആ ദുർബുദ്ധികൾ ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചതിലുണ്ടോ വല്ല ആശ്ചര്യവും!

സദുദ്ദേശ്യത്തിന്റെയോ സത്യാന്വേഷണത്തിന്റെയോ കണികപോലുമില്ലാതെ, ധിക്കാരത്തിൽനിന്നും അഹങ്കാരത്തിൽനിന്നും മാത്രം ഉടലെടുത്ത ഈ വെല്ലുവിളിക്ക് നബിﷺയോട് നൽകുവാൻ കൽപിച്ച മറുപടിയൊന്നു നോക്കുക! هَلْ كُنتُ إِلَّا بَشَرًا رَّسُولًا (ഞാൻ റസൂലായ ഒരു മനുഷ്യനല്ലാതെ മറ്റു വല്ലവനുമാണോ?) ഹാ! എന്തൊരു നയത്തിലും മയത്തിലുമുള്ള മറുപടി?! അതോടൊപ്പം വളരെ അർഥഗർഭവും, വിശേഷബു

ദ്ധിയുള്ള ആരെയും ഇരുത്തി ചിന്തിപ്പിക്കുവാൻ പോന്നതും! നിങ്ങളുടെ സ്ഥിതി വളരെ അത്ഭുതകരം തന്നെ. ഞാനൊരു റസൂലാണെന്നുള്ളതുകൊണ്ട് ഞാനൊരു മനുഷ്യന ല്ലാതാകുമോ? ഒരു മനുഷ്യന് ഇതൊക്കെ ചെയ്യുവാൻ എങ്ങനെ കഴിയും? എന്ന് സാരം. അമാനുഷിക സംഭവങ്ങൾ കാണിക്കുവാനുള്ള കഴിവ് അല്ലാഹുവിന് മാത്രമേ ഉള്ളൂ. അവൻ ഉദ്ദേശിക്കുമ്പോൾ അത് സംഭവിക്കുമെന്ന് മാത്രം. നബിയായത്കൊണ്ടോ, റസൂ ലായത്കൊണ്ടോ മറ്റോ ആർക്കും അതിന് സാധ്യമല്ല എന്നത്രെ ഇതിലടങ്ങിയ തത്വം. മുശ്രിക്കുകൾ തങ്ങളുടെ നിഷേധത്തിന് എടുത്തുപറയാറുള്ള വേറെ ഒരു കാരണവും അതിനുള്ള മറുപടിയുമാണ് അടുത്ത വചനത്തിൽ കാണുന്നത്.